# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2444 01.04.2013-ൽ മറുപടിക്ക്**

**ചവറയിലെ പി.വി.സി പൈപ്പ് ഫാക്ടറിയുടെ നിർമ്മാണം**

| ചോദ്യം<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വാട്ടർ അതോറിറ്റിയുടെ കീഴിൽ ചവറ പ്രിമോ പൈപ്പ് ഫാക്ടറിയുടെ സ്ഥലത്ത് പി.വി.സി. പൈപ്പ് ഫാക്ടറി സ്ഥാപിക്കുന്നതിനായി സ്ഥലം അനുവദിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഉത്തരവിന്റെ പകർപ്പ് അനുബന്ധം 'എ 'ആയി ചേർത്തിരിക്കുന്നു |
| (ബി) | കേരള വാട്ടർ അതോറിറ്റി പി.വി.സി പൈപ്പ് ഫാക്ടറി നിർമ്മാണത്തിനായി തയ്യാറാക്കിയ പദ്ധതിക്ക് അനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) | ഉത്തരവിന്റെ പകർപ്പ് അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു |
| (സി) | ചവറ പി.വി.സി. പൈപ്പ് ഫാക്ടറിക്കായി അനുവദിച്ച സ്ഥലം മറ്റേതെങ്കിലും ആവശ്യത്തിനായി മാറ്റി നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (സി) | ഉണ്ട്. പകർപ്പ് അനുബന്ധം 'സി' ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ചവറ പി.വി.സി. പൈപ്പ് ഫാക്ടറിക്കായി കെട്ടിട നിർമ്മാണത്തിന് കരാർ വിളിച്ചിട്ടുള്ളത് ഏത് ഘട്ടത്തിലാണ്; | (ഡി) | ചവറ പി.വി.സി പൈപ്പ് ഫാക്ടറിയുടെ കെട്ടിട നിർമ്മാണത്തിന് ടെണ്ടർ ഇതുവരെ വിളിച്ചിട്ടില്ല. ചവറ പി.വി.സി പൈപ്പ് ഫാക്ടറി കേരള വാട്ടർ അതോറിറ്റിക്ക് നിർമ്മിച്ചു കൊടുക്കുന്നതിനു വേണ്ടി M/s HLL Life Care Ltd. എന്ന ഇന്ത്യാ ഗവൺമെന്റ് കമ്പനിയുമായി ഒരു മെമ്മോറാണ്ടം ഓഫ് അണ്ടർ സ്റ്റാന്റിംങ്ങ് (MOU) കേരള വാട്ടർ അതോറിറ്റി ഒപ്പു വച്ചിട്ടുണ്ട്. ഇതിൻപ്രകാരം പ്രസ്തുത കമ്പനി ഒരു പ്രാഥമിക Project Report സമർപ്പിക്കുകയും അതിൽ ചില മാറ്റങ്ങൾ വരുത്തുവാൻ കേരള വാട്ടർ അതോറിറ്റി നിർ ദ്ദേശിക്കുകയും ചെയ്തിരുന്നു. Final Project Report കമ്പനി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പി.വി.സി പൈപ്പ് ഫാക്ടറിക്കായി കെട്ടിട നിർമ്മാണത്തിന് വേണ്ടി കേരള വാട്ടർ അതോറിറ്റി ഇതുവരെ ടെണ്ടർ വിളിച്ചിട്ടില്ല. |
| (ഇ) | ചവറയിലെ പി.വി.സി. പൈപ്പ് ഫാക്ടറിയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ? | (ഇ) | നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുള്ള കാലതാമസമാണുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്